പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3389 | 29/01/2014- ൽ മറുപടിക്ക്

**താമരശ്ശേരി താലൂക്കിൽ പോളിക്ലിനിക്ക് സ്ഥാപിക്കുന്നതിന് നടപടി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പുരുഷൻ കടലുണ്ടി: | ശ്രീ. കെ.പി. മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| (എ) ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിലെ പനങ്ങാട് ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന മൃഗാശുപത്രിയുടേതായി ഒരേക്കറോളം ഭൂമിയും, ആശുപത്രിയുടെ പ്രധാന കെട്ടിടവും, ലാബോറട്ടറി കെട്ടിടവും, ക്വാർട്ടേഴ്സും വേണ്ടത്ര പ്രയോജനപ്പെടുത്താത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ ; | (എ) ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിലെ പനങ്ങാട് ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന മൃഗാശുപത്രി കോമ്പൗണ്ടിൽ ആശുപത്രി കെട്ടിടവും അതിനോട് ചേർന്ന് ഒരു മുറിയിൽ ക്ലിനിക്കൽ ലാബും, ക്വാർട്ടേഴ്സും കൂടാതെ കൃഷി ഭവനുവേണ്ടി ഗ്രാമപഞ്ചായത്ത് പണികഴിപ്പിച്ച കെട്ടിടവും നിലവിലുണ്ട്. ഇതിൽ ക്വാർട്ടേഴ്സ് കെട്ടിടം ഉപയോഗയോഗ്യമല്ലാതായിട്ട് ഏകദേശം 10 വർഷത്തോളമായി. ഈ മൃഗാശുപത്രിയിൽ ലഭ്യമായ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി കന്നുകാലികളുടെ ചികിത്സയും കൃത്രിമ ബീജാധാനവും ക്ലിനിക്കൽ സാമ്പിളുകളുടെ പരിശോധനയും ചെയ്യുന്നുണ്ട്. |
| (ബി) താമരശ്ശേരി താലൂക്കിൽ ഒരു പോളിക്ലിനിക്ക് നിലവിൽ ഇല്ലാത്ത സാഹചര്യത്തിൽ പ്രസ്തുത ഭൗതിക സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി ഇവിടെ ഒരു പോളിക്ലിനിക്ക് ആരംഭിക്കുന്ന കാര്യം പരിഗണിക്കാമോ; | **(ബി) യും (സി) യും** പോളിക്ലിനിക്കായി ഉയർത്തുന്നതിനുള്ള കാര്യം പരിഗണനയിലാണ്. |
| (സി) പ്രസ്തുത വിഷയം സംബന്ധിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ ബന്ധപ്പെട്ടവരോട് നിർദ്ദേശിക്കാമോ? | |

സെക്ഷൻ ഓഫീസർ